**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2506** — **12.03.2018-ൽ മറുപടിക്ക്**

**<u>മലയോര ഹൈവേയുടെ അലൈൻമെന്റ്</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ. പി.കെ.ബഷീർ** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) നാറ്റ്പാക് തയ്യാറാക്കിയ അലൈൻമെന്റ് വഴി മലയോര ഹൈവേ പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;<br>(ബി) എങ്കിൽ പുതിയ അലൈൻമെന്റ് ഏതു്പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ; | (എ) യും (ബി) യും നാറ്റ്പാക് തയ്യാറാക്കിയ അലൈൻമെന്റ് അനുസരിച്ച് 06.07.2009-ലെ സ.ഉ (കൈ) 44/2009/പൊ.മ.പ പ്രകാരമാണ് മലയോര ഹൈവേയുടെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കോഴിക്കോട് ജില്ലയിൽ ടി അലൈൻമെന്റ് റിവൈസ് ചെയ്യണമെന്ന ആവശ്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) മലയോരഹൈവേ നിർമാണ പ്രവൃത്തി എന്നാരംഭിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) മലയോരഹൈവേ നിർമാണത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള 19 പദ്ധതികളിൽ അംഗീകാരം ലഭിച്ച 4 എണ്ണത്തിന്റെ (തിരുവനന്തപുരം -1, കൊല്ലം -1, കാസർഗോഡ് -2) പ്രവൃത്തികൾ സാങ്കേതികാനുമതി നൽകി ഉടനെ ആരംഭിക്കുന്നതാണ്. |
| (ഡി) മലപ്പുറം ജില്ലയിൽ കൂടി കടന്നുപോകുന്ന മലയോരഹൈവേയുടെ അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏറനാട് മണ്ഡലത്തിലെ മലയോര ഹൈവേ അലൈൻമെന്റിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) മലയോരഹൈവേയുടെ മലപ്പുറം ജില്ലയിലെ അലൈൻമെന്റ് പൊൻപാറ – പൂക്കോട്ടുപാടം -കരുളായി - എടക്കര - പാലുണ്ട – പോത്തുകല്ല് - തമ്പുരാട്ടിക്കല്ല് - അരണപ്പുഴ ആണ്. അരണപ്പുഴ മുതൽ തമ്പുരാട്ടിക്കല്ല് വരെയുള്ള പ്രദേശത്ത് റോഡുകൾ നിലവിൽ ഇല്ലാത്തതിനാലും വനപ്രദേശം ആയതിനാലും നാറ്റ്പാക് അലൈൻമെന്റ് തയ്യാറാക്കിയിരുന്നില്ല. ഈ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതിന് വനപ്രദേശത്ത് പുറത്ത് ഏറനാട് നിയോജക മണ്ഡലത്തിലൂടെ ഒരു ലൂപ്പ് റോഡ് നാറ്റ്പാക് സമർപ്പിച്ചത് അംഗീകരിക്കുകയുണ്ടായി. അതു പ്രകാരം പൂക്കോട്ടുപാടം - നിലമ്പൂർ - മൂലേപ്പാടം - വാളന്തോട് - കക്കോടംപൊയിൽ വഴിയാണ് അലൈൻമെന്റ് ഉള്ളത്. അലൈൻമെന്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

et speech 2017-18 - KIIFB - Hill Highway - Widening and providing BM & BC to Pookottumpadam Thamburattikallu ( Munden seed farm gate ) road - ...bur LAC in Malappuram District.




Proposed Hill Highway Route